بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 12.12.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*12.12.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**മുഅ്മിനീംകൾ യഥാർഥമായ നിലയിൽ മുഅ്മിനീംകളാകാൻ ശ്രമിക്കേണ്ടതാണ്. അവർ യഥാർഥ മുഅ്മിനീംകളാകുകയാണെങ്കിൽ അല്ലാഹു തീർച്ചയായും അദൃശ്യത്തിൽനിന്ന് അവരുടെ ഈമാന് നവോന്മേഷം നല്കുന്ന അവസ്ഥകൾ ഉണ്ടാക്കുന്നതാണ്. 'മുഅ്മിൻ എപ്പോഴും ദുആകളിലും ദൈവസ്മരണയിലും കഴിയേണ്ടതാണ്. അല്ലാഹു ഇസ്‌ലാമിന്റേയും തന്റെ സത്തയുടേയും സത്യത അവനുവേണ്ടി തുറക്കുന്ന ദിവസം അവന് ലഭിക്കുമാറാകട്ടെ. ഹദ്റത്ത് റസൂലുല്ലാഹി(സ)യുടെ ജ്യോതിർമയമായ മുഖവും അല്ലാഹുവിന്റെ ജ്യോതിസുറ്റ മുഖവും അവൻ കാണുമാറാകട്ടെ.**

തശ്ശഹുദും തഅവ്വുദും സൂറാ ഫാത്തിഹ ഓതിയതിനു ശേഷം ഹുദൂർ അയ്യദഹുല്ലാഹുത്തആല ബിനസ്രി ഹിൽ അസീസ് പറഞ്ഞു:

ഇന്നും ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലെ ചില സംഭവങ്ങൾ പറയുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിവരണ രീതിയിൽനിന്ന് വിവിധ കോണുകളിലൂടെ വിവിധ കാര്യങ്ങൾ നമ്മുടെ മുമ്പിൽ വരുന്നുണ്ട്. അതിൽനിന്ന് നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനവും പദവിയും ആ മഹാത്മാവിനുണ്ടായിട്ടുള്ള ദൈവിക സഹായങ്ങളുടെ മറ്റൊരു വർണവും അറിയാൻ കഴിയുന്നുണ്ട്. സൂറ യൂനുസ് 17–ാം വചനത്തിൽ അല്ലാഹു അടിസ്ഥാനപരമായ ഒരു നിയമം പറഞ്ഞിരിക്കുന്നു. **ഫഖദ് ലബിഥ്തു ഫീക്കും ഉമുറൻമ്മിൻ ഖബ്‌ലിഹീ അഫലാ തഅ്ഖിലൂൻ** ഇതിനു മുമ്പേ ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ ചിന്തിക്കുന്നില്ലേ? നബിയുടെ സത്യസാക്ഷ്യത്തിനുള്ള അടിസ്ഥാനപരമായ നിയമമാണിത്. അദ്ദേഹത്തിന്റെ മുൻകാലം അദ്ദേഹത്തിന്റെ ജീവിതം വെളിവാക്കുന്നു. വലിയ വലിയ എതിരാളികളായ ഉലമാക്കൾ ഖാദിയാനിൽ സംഘടിച്ചു. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത വിളിച്ചു. വമ്പൻ പ്രസംഗങ്ങൾ നടത്തി. വലിയ പദ്ധതികൾ ആസൂത്രണം ചെയ്ത് സമ്മേളനങ്ങൾ നടത്തി. കുഴപ്പങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു അവരുടെ തീരുമാനം. എന്തായാലും അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. അവർക്ക് കുഴപ്പമുണ്ടാക്കാൻ കഴിഞ്ഞില്ല. പക്ഷേ, അവർക്ക് എന്തെല്ലാം അപമര്യാദകൾ ചെയ്യാൻ കഴിയുമായിരുന്നുവോ അസഭ്യങ്ങൾ പറയാൻ കഴിയുമായിരുന്നുവോ അതെല്ലാം അവർ ചെയ്തു. അതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആ ആക്ഷേപകരുടെ ആക്ഷേപങ്ങൾക്ക് മറുപടി നല്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം സ്ഥാപിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിനു മുമ്പേയുള്ള ജീവിതം നോക്കുമ്പോൾ ആ മഹാത്മാവ് ഇവിടെത്തെ ഹിന്ദുക്കളോടും സിക്കുകാരോടും മുസ്‌ലീംകളോടും ആവർത്തിച്ചാവർത്തിച്ച് 'നിങ്ങൾക്ക് എന്റെ ജീവിതത്തിൽ ആക്ഷേപം ഉന്നയിക്കാൻ കഴിയുമോ' എന്ന് ചോദിച്ചുകൊണ്ടിരുന്നു. എന്നാൽ, ആർക്കും തന്റേടമുണ്ടായില്ല. എന്നല്ല ആ മഹാത്മാവിന്റെ പരിശുദ്ധ ജീവിതത്തെ അവർക്ക് അംഗീകരിക്കേണ്ടി വന്നു. ആ ദിവ്യാത്മാവിന്റെ മുമ്പേയുള്ള ജീവിതം പരിശുദ്ധമായിരുന്നുവെന്ന് ഓരോരുത്തരും സാക്ഷിപറഞ്ഞു. എന്തായാലും കുറഞ്ഞ പക്ഷം ആക്ഷേപം ഉന്നയിക്കാൻ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് 40 വയസ്സുവരെ അന്യൂനമായിരുന്ന വ്യക്തി, പവിത്രമായി ജീവിച്ച വ്യക്തി എങ്ങനെയാണ് പെട്ടെന്നൊരു രാത്രി തികച്ചും മാറിപ്പോകുക? ദുർവൃത്തനാകുക? പതുക്കെപ്പതുക്കെയാണ് ദോഷങ്ങൾ ഉണ്ടാകുന്നതെന്നാണ് മനഃശാസ്ത്ര വിദഗ്ദർ പറയുന്നത്. ദുസ്വഭാവങ്ങൾ പതുക്കെപ്പതുക്കെയാണ് ഉണ്ടാകുന്നത്. ഒറ്റ നിമിഷംകൊണ്ട് ഒരു മാറ്റവും സ്വഭാവത്തിലുണ്ടാകുകയില്ല. അതുകൊണ്ട് ആ മഹാത്മാവിന്റെ മുൻകാലജീവിതം എത്രമാത്രം അന്യൂനവും കുറ്റങ്ങളില്ലാത്തതും ആർക്കും ആക്ഷേപിക്കാൻ പറ്റാത്തവിധം തെളിമയാർന്നതുമായിരുന്നുവെന്ന് നോക്കുക.

പിന്നീട് അല്ലാഹു സൂറ മുഅ്മിനിൽ പറയുന്നു: **ഇന്നാ ല നൻസ്വുറു റുസുലനാ** തീർച്ചയായും നാം നമ്മുട ദൂതന്മാരെ സഹായിക്കുന്നതാണ്.(40:52). ഈ സഹായം ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നാമെങ്ങനെയാണ് കാണുന്നത്? ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:'ആ മഹാത്മാവിനെ വധിക്കാൻ പല ശ്രമങ്ങളുമുണ്ടായി. വധിക്കാൻവേണ്ടി ആളുകളെ നിശ്ചയിച്ചു. വധോദ്യമകേസ്സുകൊടുത്തു. ഡോക്ടർ മാർട്ടിൻ ക്ലാർക്ക് വധോദ്യമ കുറ്റം ചുമത്തി കള്ളക്കേസ്സ് കൊടുത്തു. തന്നെ അതിനുവേണ്ടി മിർസാ സാഹിബ് ചുമതലപ്പെടുത്തിയിരുന്നുവെന്ന് ഒരാൾ പറയുകയും ചെയ്തു. മഹ്ദീ വാദിയും മസീഹ് വാദിയുമായ ആളെ ഇതുവരെ കസ്റ്റഡിയിലെടുക്കാതിരുന്നതെന്താണെന്ന് ചോദിച്ചുകൊണ്ട് മജിസ്ട്രേട്ടും വന്നു. താൻ അയാളെ പിടിക്കുമെന്ന് വീരവാദം മുഴക്കി. എന്നാൽ, കേസ് നടക്കുമ്പോൾ അതേ മജിസ്ട്രേട്ട് 'തന്റെ നോട്ടത്തിൽ ഇത് കള്ളക്കേസാണെന്ന്' പറയുന്നു. അല്ലാഹു ആ കള്ളക്കേസിന്റെ തല ഞെരിച്ചുകളയുകയും ചെയ്തു.'

ഇപ്രകാരംതന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'നമ്മുടെ ജമാഅത്തിലെ ആവേശവാനായ മുബല്ലിഗ് മൗലവി ഉമർദീൻ സാഹിബ് ശിംലവിയും ഈ മാനദണ്ഡം ഉരച്ചുനോക്കി അഹ്മദിയായ വ്യക്തിയാണ്. അദ്ദേഹം പറയുന്നു: ശിംലയിൽ മൗലവി മുഹമ്മദു ഹുസയ്നും മൗലവി അബ്ദുർറഹ്മാൻ സിയ്യാഹും മറ്റു ചിലരും കൂടിയിരുന്ന് മിർസാ സാഹിബിനെ നേരിടാൻ ഇനി ഏതുവഴിയാണ് സ്വീകരിക്കേണ്ടതെന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയായിരുന്നു. മൗലവി അബ്ദുർറഹ്മാൻ സാഹിബ് പറഞ്ഞു:'ഇനി സംവാദത്തിനില്ലെന്ന് മിർസാസാഹിബ് പ്രഖ്യാപിച്ചുകഴിഞ്ഞു. നമ്മൾ സംവാദത്തിനായി നോട്ടീസ് കൊടുക്കുക. അദ്ദേഹം നേരിടാൻ നിന്നാൽ നമ്മൾ പറയും അദ്ദേഹം കളവു പറഞ്ഞുവെന്ന്. കാരണം താൻ സംവാദം നടത്തുകയില്ലെന്ന് മിർസാ സാഹിബ് ആദ്യമേ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ, ഇപ്പോൾ അതിന് തയ്യാറായിരിക്കുന്നത് അതിന്റെ

ലംഘനമാണ്. ഇനി സംവാദത്തിന് തയ്യാറായിട്ടില്ലെങ്കിൽ മിർസാ സാഹിബ് പരാജയപ്പെട്ടുവെന്ന് പറഞ്ഞ് നമ്മൾ ബഹളമുണ്ടാക്കുക. അതുകേട്ട് മൗലവി ഉമർദീൻ സാഹിബ് പറഞ്ഞു: അതിന്റെ ആവശ്യമെന്താണ്? ഞാൻ പോയി അയാളെ വധിച്ചിട്ടു വരാം. മൗലവി മുഹമ്മദ് ഹുസയ്ൻ പറഞ്ഞു: അതിനുളള ഏർപാട് നമ്മൾ ചെയ്തു കഴിഞ്ഞിട്ടുള്ളതാണ്. മൗലവി ഉമർദീൻ സാഹിബിന്റെ മനസ്സിൽ ഇക്കാര്യം പതിഞ്ഞു; അല്ലാഹു ഇത്രമാത്രം സംരക്ഷണം നല്കുന്നയാൾ അല്ലാഹുവിൽനിന്നുള്ള ആളുതന്നെയായിരിക്കും. അങ്ങനെ അദ്ദേഹം ബയ്അത്ത് ചെയ്തു. എതിരാളികൾ മിർസാസഹിബിനെ വധിക്കാൻ നടക്കുന്നു. പക്ഷേ, അല്ലാഹു അദ്ദേഹത്തെ രക്ഷിക്കുന്നു. എന്നല്ല ശത്രുത പുലർത്തുന്നയാൾ സൽപ്രകൃതക്കാരനാണെങ്കിൽ സ്വന്തം മുറിവേറ്റ് സ്വയം തന്റെ ഹൃദയത്തെ വില്ക്കുകയും ചെയ്യുന്നു.

ഞാൻ ആദ്യം വധോദ്യമകേസിനെ സംബന്ധിച്ച് പറഞ്ഞിരുന്നു. ക്രിസ്ത്യാനികളാണ് ആ കേസ് കൊടുത്തത്. അത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇങ്ങനെ വിശദീകരിക്കുന്നു:"തന്നെ വധിക്കാനായി മിർസാ സാഹിബ് ഒരാളെ അയച്ചുവെന്ന് മാർട്ടിൻ ക്ലാർക്ക് കോടതിയിൽ വാദിച്ചു. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഈ കേസിൽ മിർസാ സാഹിബിന്നെതിരെ സാക്ഷി പറയാനും വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് 'ഒരു മൗലവി കൊണ്ടുവരപ്പെടുമെന്നും താൻ അയാളെ നിന്ദിക്കുമെന്നും' അല്ലാഹു ആദ്യമെ പറഞ്ഞിരുന്നു. എന്നാൽ, ഇൽഹാമിൽ അയാളുടെ നിന്ദ്യതയെ സംബന്ധിച്ച് പറയപ്പെട്ടിട്ടും–ഇൽഹാം പൂർത്തിയാക്കുന്നതിനുവേണ്ടി പ്രത്യേകിച്ചും ബാഹ്യമായ നിലയിൽ അനുവദനീയ ശ്രമം നടത്താവുന്നതായിരുന്നിട്ടും ഈ കേസിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നുവേണ്ടി ഹാജരായ ലാഹോറിലെ വക്കീലായിരുന്ന മൗലവി ഫള്ൽദീൻ സാഹിബ്, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയോട് അദ്ദേഹം അപമാനിതനാകുന്ന ഒരു ചോദ്യം ചോദിക്കാൻ മുതിർന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് തടയുകയാണ് ചെയ്തത്. മൗലവി ഫള്ൽദീൻ സാഹിബ് അഹ്മദിയായിരുന്നില്ല. അദ്ദേഹം ഹനഫികളുടെ ലീഡറായിരുന്നു. അതുകൊണ്ടുതന്നെ മതപരമായ പക്ഷപാതവും ഉണ്ടായിരുന്നു. എന്നാൽ, അനഹ്മദികളുടെ സദസ്സുകളിൽ ആരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യക്തിത്വത്തിനുമേൽ കടന്നാക്രമണം നടത്തിയാൽ അദ്ദേഹം ശക്തമായി അതിനെതിരിൽ പ്രതികരിക്കുമായിരുന്നു. അദ്ദേഹം പറയുന്നു: 'വിശ്വാസത്തിന്റെ കാര്യം വേറെയാണ്. അദ്ദേഹത്തിന്റെ സ്വഭാവങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നുവെച്ചാൽ നമ്മുടെ ഉലമാക്കളിൽ നിന്നും ആർക്കും അതിനെ നേരിടാൻ കഴിയുമായിരുന്നില്ല. സ്വഭാവങ്ങളുടെ അടിസ്ഥാനത്തിൽ ഞാനും ഓരോ അവസരങ്ങളിലും അദ്ദേഹത്തെ പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ ഒരു മൗലവിക്കും അദ്ദേഹം നില്ക്കുന്ന സ്ഥാനത്ത് നില്ക്കാൻ സാധിക്കുമായിരുന്നില്ല.'

ഇനി നോക്കുക! ഇവിടെ സാക്ഷി നിന്ദ്യനാകുമെന്ന ഇൽഹാമാണുള്ളത്. അവിടെ അയാളുടെ സാക്ഷ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറ്റവാളിയാക്കുന്നതാണ്. എന്നാൽ, ഏതൊന്നാണോ സാക്ഷിയുടെ നിലയെ ഇക്ഴത്താൻ ഉതകുന്നത് അത് ചോദിക്കരുതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വക്കീലിനോട് പറയുന്നു. പക്ഷേ, ആദ്യമേതന്നെ മൗലവി മുഹമ്മദു ഹുസയ്ൻ നിന്ദ്യനാകുന്നതിനെക്കുറിച്ച് അറിയിപ്പ് നല്കിയ അല്ലാഹു, ഒരു ഭാഗത്ത് ആ മഹാത്മാവിന്റെ ഉദാത്തമായ സ്വഭാവം കാണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അന്തസ്സ് നിലനിറുത്തി. അതായത് അനഹ്മദി വക്കീലിന്റെ ദൃഷ്ടിയിലും ആ മഹാത്മാവിന്റെ സ്ഥാനം ഉയർന്നു. മറുഭാഗത്ത് അസാധാരണമായ സാഹചര്യങ്ങളൊരുക്കി മൗലവി മുഹമ്മദ് ഹുസയ്നെ നിന്ദിക്കുകയും ചെയ്തു. ആ സംഭവം നടന്നത് ഇങ്ങനെയായിരുന്നു: 'ആദ്യം വളരെ ദ്വേഷത്തിലായിരുന്നു ഡപ്യൂട്ടികമ്മീഷണർ. താൻ മിർസാസാഹിബിനെ പിടിക്കുമെന്ന് വീരവാദം നടത്തിയിരുന്നു അദ്ദേഹം. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപം കണ്ടുടനെ, മുഖകമലം ദർശിച്ചുടനെ അദ്ദേഹത്തിന്റെ മാനസികാവസ്ഥ മാറിപ്പോയി. കുറ്റവാളി എന്ന നിലയിലായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തി ന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടത്. എന്നിട്ടും ഡപ്യൂട്ടികമ്മീഷണർ കസേരവാങ്ങി തന്റെ അടുത്തിടുകയും അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇരുത്തുകയും ചെയ്തു. മൗലവി മുഹമ്മദു ഹുസയ്ൻ സാക്ഷിപറയാൻ വന്നപ്പോൾ–മിർസാ സാഹിബിന്റെ കൈയിൽ വിലങ്ങുവീണിട്ടുണ്ടാകും കുറഞ്ഞപക്ഷം മിർസാ സാഹിബ് നിന്ദ്യനായിട്ടുണ്ടാകും എന്ന പ്രതീക്ഷയിൽ വന്നപ്പോൾ ഹദ്റത്ത് മിർസാസാഹിബ് മജ്സ്ട്രേട്ടിന്റെ തൊട്ടടുത്തിരിക്കുന്നതാണ് കണ്ടത്. ഇത് കണ്ട് മുഹമ്മദ് ഹുസയ്ൻ കോപാകുലനായി. തനിക്കും കസേരവേണമെന്ന് ആവശ്യപ്പെട്ടു. കമ്മീഷണർക്ക് ദ്വേഷം വന്നു. അദ്ദേഹം പറഞ്ഞു:'അനാവശ്യം പറയരുത്. പിന്നോട്ട് മാറിനില്ക്കുക. ചെരുപ്പുകൾ വെച്ചിരിക്കുന്ന ഭാഗത്ത് പോയി നില്ക്കുക. കമ്മീഷണറുടെ വാക്കുകൾ കേട്ടപ്പോൾ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബിനെ പ്യൂൺ തോളിന് പിടിച്ച് ചെരുപ്പുകൾ വെച്ചിരിക്കുന്നഭാഗത്ത് കൊണ്ടുപോയി നിറുത്തി. താൻ അപമാനിതനായിരിക്കുന്നുവെന്ന് മൗലവി സാഹിബ് കണ്ടു. വെളിയിൽ ആയിരക്കണക്കിനാളുകൾ നില്പുണ്ടായിരുന്നു. തനിക്കുണ്ടായ അപമാനത്തെക്കുറിച്ച് അവരറിഞ്ഞാൽ എന്തു പറയും? അങ്ങനെ മുഹമ്മദു ഹുസയ്ൻ കോടതി മുറിയിൽനിന്ന് വെളിയിൽ വന്നു. വരാന്തയിൽ ഒരു കസേര കിടപ്പുണ്ടായിരുന്നു. തനിക്കുണ്ടായ അപമാനം മറച്ചുവെക്കാൻ പറ്റിയ അവസരമാണതെന്ന് മൗലവി മുഹമ്മദു ഹുസയ്ൻ മനസ്സിലാക്കി. പെട്ടെന്ന് കസേര വലിച്ചിട്ട് അതിൽ ഇരുന്നു. താൻ കസേരയിൽ ഇരിക്കുന്നത് ആളുകൾ കാണുമ്പോൾ തനിക്കും കോടതിമുറിയിൽ കസേരകിട്ടി എന്ന് അവർ കരുതിക്കൊള്ളുമെന്നാണ് മൗലവി കരുതിയത്. പക്ഷേ, മുഹമ്മദ് ഹുസയ്ൻ ഇരിക്കുന്നത് പ്യൂൺ കണ്ടപ്പോൾ കസേരകാലിയാക്കാൻ പറഞ്ഞ് അവിടെനിന്നും എഴുന്നേല്പിച്ചു. അങ്ങനെ വരാന്തയിൽകിടന്ന കസേരയും കൈവിട്ടു. പുറത്തിറങ്ങിയപ്പോൾ ആളുകൾ ചാദുർ വിരിച്ച് കേസിന്റെ വിധി കേൾക്കാനിരിക്കുന്നത് മുഹമ്മദ് ഹുസയ്ൻ കണ്ടു. ഒരു ചാദുറിൽ കുറച്ച് ഒഴിഞ്ഞസ്ഥലം കണ്ടപ്പോൾ അദ്ദേഹം അവിടെ പോയി ഇരുന്നു. ആ ചാദുർ മിയാ മുഹമ്മദ് ബഖ്ശ് ബട്ടാലവിയുടേതായിരുന്നു. അദ്ദേഹം അന്ന് അനഹ്മദിയായിരുന്നു. മൗലവി മുഹമ്മദ് ഹുസയ്ൻ തന്റെ ചാദുറിൽ ഇരിക്കുന്നത് കണ്ടപ്പോൾ മിയാ മുഹമ്മദ് ബഖ്ശിന് ദ്വേഷം വന്നു. അദ്ദേഹം പറഞ്ഞു: 'നീ എന്റെ ചാദുർ വിടുക. എന്റെ ചാദുർ നീ മലീമസമാക്കി. നീ മൗലവിയായിക്കൊണ്ട് ക്രിസ്ത്യാനികളെ സഹായിക്കാൻ സാക്ഷി പറയാൻ വന്നിരിക്കുകയാണ്.' അങ്ങനെ ആ ചാദുറിൽനിന്നും അദ്ദേഹത്തിന് എഴുന്നേല്ക്കേണ്ടി വന്നു. ഇപ്രകാരം എല്ലായിടത്തും അല്ലാഹു അയാളെ നിന്ദിച്ചു. നോക്കുക! ഇത് വ്യക്തമായ ദൃഷ്ടാന്തങ്ങളാണ്. എങ്ങനെയാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഒരു ശത്രുവിന്റെ കൈയിൽനിന്ന് മോചിപ്പിച്ചത്? അവിടേയും കാര്യങ്ങൾ നിന്നില്ല.

സർ ഡഗ്ലസിനെ അല്ലാഹു വേറേയും ദൃഷ്ടാന്തങ്ങൾ കാണിച്ചു. അത് മരിക്കുന്നതുവരെ അദ്ദേഹത്തിന് ഓർമയുണ്ടായിരുന്നു. സർ

ഡഗ്ലസിന് ഒരു ഹെഡ്ക്ലാർക്കുണ്ടായിരുന്നു. ഗുലാം ഹയ്ദർ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. അദ്ദേഹം ഈ സംഭവം കേൾപിക്കുകയുണ്ടായി: 'സർ ഡഗ്ലസ് റോഡിൽ ഉലാത്തുന്നത് ഞാൻ കണ്ടു. അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് വിഷമം പ്രകടമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് ചെന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ മിർസാസാഹിബിന്റെ രൂപം കണ്ട സമയം മുതൽ, മിർസാസാഹിബ് പാപിയല്ലെന്നും അദ്ദേഹത്തിൽ ഒരു കുറ്റവുമില്ലന്നും ഒരു മലക്ക് മിർസാ സാഹിബിനെ ചൂണ്ടിക്കൊണ്ട് എന്നോടു പറയുന്നതായി ഞാൻ കാണുന്നു. പിന്നീട് ഞാൻ കോടതി നടപടി അവസാനിപ്പിച്ച് ഇവിടെ വന്നു. നടന്ന് നടന്ന് ആ ഭാഗത്തെത്തുമ്പോൾ അവിടെ മിർസാസാഹിബിന്റ രൂപം കാണുന്നു. 'ഇതെല്ലാം കളവാണെന്നും താനിത് ചെയ്തിട്ടില്ലെന്നും' മിർസാ സാഹിബ് പറയുന്നു. ഈ അവസ്ഥ തുടർന്നാൽ ഞാൻ ഭ്രാന്തനായിപ്പോകും.' ഞാൻ പറഞ്ഞു: സാഹിബ്! പോലീസ് സൂപ്രണ്ടന്റും വന്നിട്ടുണ്ട്. അദ്ദേഹവും ഇംഗ്ലീഷുകാരനാണ്. അദ്ദേഹത്തെ വിളിച്ചുകൂടേ? അദ്ദേഹം പറയുന്നത് കേട്ടാൽ താങ്കൾക്ക് സമാധാനമുണ്ടാകും. അങ്ങനെ അദ്ദേഹം വന്നു. സർ ഡഗ്ലസ് അദ്ദേഹത്തോടു പറഞ്ഞു: നോക്കൂ! ഇതാണ് എന്റെ അവസ്ഥ. ഞാൻ ഭ്രാന്തനെപ്പോലെയായിപ്പോകുകയാണ്. പോലീസ് സൂപ്രണ്ടന്റ് പറഞ്ഞു: താങ്കൾ സാക്ഷിയെ പാതിരിമാർക്ക് ഏല്പിച്ചു കൊടുത്തിരിക്കുകയാണ്. അവർ പഠിപ്പിക്കുന്നതാണ് കോടതിയിൽ വന്നു പറയുന്നത്. താങ്കൾ അയാളെ പോലീസ് കസ്റ്റഡിയിൽ വിട്ടു തരിക. എന്നിട്ട് നോക്കുക അയാൾ എന്താണ് പറയുന്നതെന്ന്!

ആ നിമിഷംതന്നെ സർ ഡഗ്ലസ്, അബ്ദുൽ ഹമീദിനെ പോലീസ് കസ്റ്റഡിയിൽ വിടാൻ ഉത്തരവിട്ടു. അങ്ങനെ ഉത്തരവനുസരിച്ച് അബ്ദുൽ ഹമീദിനെ പാതിരിമാരുടെ കസ്റ്റഡിയിൽനിന്ന് പോലീസ് വാങ്ങി. രണ്ടാമത്തെ ദിവസമോ അതോ അന്ന് തന്നെയോ അയാൾ താൻ കളവുപറയുകയായിരുന്നുവെന്ന് പോലീസിനോട് സമ്മതിച്ചു. അയാൾ എല്ലാ കാര്യങ്ങളും തുറന്നു പറഞ്ഞു. സർ ഡഗ്ലസ് അടുത്ത് കേസ് ദിവസം തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറ്റ വിമുക്തനാക്കി. നോക്കൂ! ഈ എല്ലാ സംഭവങ്ങളും നമുക്ക് ദൃഷ്ടാന്തങ്ങളാണ്. പക്ഷേ, അല്ലാഹു സർ ഡഗ്ലസിനു വേണ്ടി വ്യക്തമായ മറ്റു ദൃഷ്ടാന്തങ്ങളും സൃഷ്ടിക്കുകയുണ്ടായി.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'എന്നോട് നേരിട്ട് സർ ഡഗ്ലസ് പറയുകയുണ്ടായി.'താങ്കളുടെ ജീവിതത്തിലെ അത്ഭുതകരമായ സംഭവങ്ങളിലൊന്ന് കേൾപിക്കുക എന്ന് ഒരു ദിവസം ഒരു ഹിന്ദുസ്താനീ ഐ.സി.എസ്സ് എന്നോടു പറഞ്ഞു. ഞാൻ അദ്ദേഹത്തെ മിർസാ സാഹിബുമായി ബന്ധപ്പെട്ട ഈ സംഭവമാണ് കേൾപിച്ചത്. ഞാൻ ഈ സംഭവം കേൾപിക്കുമ്പോൾ അദ്ദേഹത്തിന്റെ ജോലിക്കാരൻ വന്ന് 'താങ്കളെ കാണാൻ വെളിയിൽ ഒരാൾ നില്പുണ്ടെന്ന്' പറഞ്ഞു. ഉള്ളിൽ വന്ന ആ ചെറുപ്പക്കാരൻ പറഞ്ഞു: 'താങ്കൾക്ക് എന്റെ പിതാവിനെ അറിയാം. അദ്ദേഹത്തിന്റെ പേര് പാതിരി ഹാരിഥ് ദീൻ എന്നായിരുന്നു.' ഞാൻ പറഞ്ഞു, അതേ! ഞാനിപ്പോൾ അദ്ദേഹത്തെക്കുറിച്ച് പറയുകയായിരുന്നു.' അതുകേട്ട് ആ യുവാവ് പറഞ്ഞു:'ഇപ്പോൾ എനിക്ക് പാതിരി ഹാരിഥ് ദീൻ മരിച്ചുവെന്നറിയിച്ചുകൊണ്ടുള്ള കമ്പി സന്ദേശം കിട്ടിയിരിക്കുന്നു.'

ഹാരിഥ്ദീൻ ഒരു പാതിരിയായിരുന്നു. അദ്ദേഹം മാർട്ടിൻ ക്ലാർക്കിനെ സന്തോഷിപ്പിക്കാൻവേണ്ടിയാണ് ഇക്കാര്യങ്ങളെല്ലാം ചെയ്തു കൂട്ടിയത്. പക്ഷേ, സർ ഡഗ്ലസ് പാതിരി ഹാരിഥിനെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ അയാളുടെ മകൻ അവിടെ വന്നതും തന്റെ പിതാവിന്റെ മരണവിവരം അറിയിക്കുന്നതും വിസ്മയകരമായ യാദൃച്ഛികതയാണ്.

സർ ഡഗ്ലസ് മരണം വരെ ഏത് അഹ്മദിയെ കണ്ടാലും ഈ സംഭവങ്ങൾ പറയുമായിരുന്നു. ഇത് വ്യക്തമായ ദൃഷ്ടാന്തങ്ങളാണ്. ഇതുമുഖേന അല്ലാഹു ലോകത്ത് തന്റെ നബിമാരുടെ സത്യം വെളിപ്പെടുത്തുന്നു. മുഅ്മിനീംകൾ യഥാർഥമായ നിലയിൽ മുഅ്മിനീംകളാകാൻ ശ്രമിക്കേണ്ടതാണ്. അവർ യഥാർഥ മുഅ്മിനീംകളാകുകയാണെങ്കിൽ അല്ലാഹു തീർച്ചയായും അദൃശ്യത്തിൽനിന്ന് അവരുടെ ഈമാന് നവോന്മേഷം നല്കുന്ന അവസ്ഥകൾ ഉണ്ടാക്കുന്നതാണ്. യഥാർഥത്തിൽ അത്തരം ഈമാൻ കിട്ടാതെ ഒരു രസാനുഭവവും ഉണ്ടാകുകയില്ല. കണ്ണുതുറക്കാതിരിക്കുകയും മനുഷ്യനെ അന്ധകാരത്തിൽ വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈമാന് എന്തുഫലമുണ്ടാകാനാണ്. ഈ ലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിരിക്കും. ഈ ലോകത്ത് വ്യക്തമായ ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയാത്തവർക്ക് പരലോകത്ത് വ്യക്തമായ ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയുകയില്ല. ഇപ്പോൾ ഇവിടെ പറയുന്നത് ദൃഷ്ടാന്തങ്ങളെ കുറിച്ചുള്ള കാര്യങ്ങളാണ്. ഈ സംഭവമുണ്ടായി നൂറുവർഷത്തിലേറെയായിട്ടും അടയാളങ്ങളുടെ ഈ പരമ്പര ഇന്നും തുടർന്നു വരുന്നു. അതൊരു വലിയ അടയാളമായി നിലകൊള്ളുന്നു.

ഇപ്പോൾ ക്യാപ്റ്റൻ ഡഗ്ലസിന്റെ ദൗഹിത്രൻ താൻ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേരാൻ ആഗ്രഹിക്കുന്നുവെന്ന് എന്നെ അറിയിച്ചിരിക്കുന്നു. അദ്ദേഹം പറയുന്നു: 'ഏതൊരു പുണ്യകർമമാണ് എന്റെ മാതൃമഹനിൽനിന്നുണ്ടായതെന്ന് ഞാൻ ചിന്തിക്കുകയാണ്. അദ്ദേഹം ചെയ്ത പുണ്യകർമം എത്ര വലുതാണെന്നുവച്ചാൽ അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ എന്റെ മനസ്സ് അതിയായി ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു.'

ഇതാണ് അടയാളം. ഇന്നും അദ്ദേഹത്തിന് ആ അനുഭവമുണ്ടായി. സർ ഡഗ്ലസ് കാണിച്ച ആ സത്യസന്ധത–അത് അദ്ദേഹം സ്വീകരിച്ചിരുന്നില്ല–പക്ഷേ അദ്ദേഹത്തിന്റെ സത്യസന്ധത കണ്ടിട്ട് ഇന്ന് അദ്ദേഹത്തിന്റെ ദൗഹിത്രൻ, ഞാൻ ഇന്ന് സ്വീകരിക്കുന്നുവെന്ന് പറയുന്നു.

മാർട്ടിൻ ക്ലാർക്കിന്റെ പൗത്രന്റെ സംഭവം നിങ്ങൾ കേട്ടു കഴിഞ്ഞതാണ്. മുമ്പേയും വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അദ്ദേഹം ഇവിടെ വന്നിട്ട് തന്റെ പിതൃമഹന്റെ പിതാവ് തെറ്റിലായിരുന്നുവെന്നും ഹദ്റത്ത് മിർസാ സാഹിബ് സത്യവാനായിരുന്നുവെന്നും പരസ്യമായി പറയുകയുണ്ടായി.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'മുഅ്മിൻ എപ്പോഴും ദുആകളിലും ദൈവസ്മരണയിലും കഴിയേണ്ടതാണ്. അല്ലാഹു ഇസ്‌ലാമിന്റേയും തന്റെ സത്തയുടേയും സത്യത അവനുവേണ്ടി തുറക്കുന്ന ദിവസം അവന് ലഭിക്കുമാറാകട്ടെ. ഹദ്റത്ത് റസൂലുല്ലാഹി(സ)യുടെ ജ്യോതിർമയമായ മുഖവും അല്ലാഹുവിന്റെ ജ്യോതിസുറ്റ മുഖവും അവൻ കാണുമാറാകട്ടെ. ഈ അവസ്ഥ ഉണ്ടായാൽ രാവും പകലും വിഷമം പിടിച്ച വർഷവും സന്തോഷമുള്ള വർഷവും അവനെ സംബന്ധിച്ചിടത്തോളം സമമായിരിക്കും. അതുകൊണ്ട് ഒരേയൊരു ബോധത്തിലും അതേ സ്നേഹത്തിലും മനുഷ്യൻ മുങ്ങിയിരിക്കുന്നതാണ്. എന്തുണ്ടായാലും വേണ്ടില്ല അത്തരം മനുഷ്യൻ സദാ സന്തോഷത്തിലായിരിക്കും. സംതൃപ്തനായിരിക്കും. ആരേയും ഭയക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ കറംദീൻ ഭീൻ കൊടുത്ത കേസ്സുണ്ടായതുപോലെ. മജിസ്ട്രേട്ട് ഹിന്ദുവായിരുന്നു. ആര്യസമാജക്കാർ അയാളെ ഉത്തേജിപ്പിച്ചു. ഹദ്റത്ത് അഹ്മദിനെ എങ്ങനെ

യെങ്കിലും ശിക്ഷിക്കണമെന്ന് അവർ പറഞ്ഞു. അങ്ങനെ ചെയ്യുമെന്ന് അയാൾ അവർക്ക് വാക്കും കൊടുത്തു. ഇതുകേട്ടപ്പോൾ ഖ്വാജ കമാലുദ്ദീൻ സാഹിബ് പേടിച്ചു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഖ്വാജ സാഹിബ്! നിങ്ങളെന്തിനാണ് ഭയക്കുന്നത്? അല്ലാഹുവിന്റെ സിംഹത്തിനുമേൽ ആർക്കാണ് കൈവെക്കാൻ കഴിയുക?' അങ്ങനെതന്നെ സംഭവിച്ചു. രണ്ടു മജിസ്ട്രേട്ടുമാരുള്ള കോടതിയിലാണ് ഈ കേസ് കൊടുത്തിരുന്നത്. അവർ രണ്ടുപേർക്കും കഠിനമായ ശിക്ഷ ലഭിച്ചു. ആര്യസമാജക്കാർക്ക് അവരുടെ ഉദ്ദേശ്യത്തിൽ വിജയിക്കാൻ കഴിഞ്ഞില്ല.

മനുഷ്യൻ അല്ലാഹുവിന്റേതായി കഴിഞ്ഞാൽ ലോകത്തിലുള്ള സകല വസ്തുക്കളും അവന്റേതായിത്തീരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ഇൽഹാമിലൂടെ പറഞ്ഞു:**"ജെ തൂ മേരാ രഹെ സബ് ജഗ് തേരാ ഹൊ"** അല്ലാഹുവിന്റേതായി നീ മാറുകയാണെങ്കിൽ സകല ലോകവും നിന്റേതായിരിക്കും. അതിനാൽ നിങ്ങൾ അല്ലാഹുവിന്റേതാകുക. ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിന്റേതായിത്തീരുക. ഇങ്ങനെ നിങ്ങളും സമാധാനത്തിലേക്ക് വരിക. നിങ്ങളുടെ മക്കളും ബന്ധുമിത്രാദികളും സുഹൃത്തുക്കളുമെല്ലാം സമാധാനത്തിൽ വരട്ടെ.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'പാതിരി മാർട്ടിൻ ക്ലാർക്ക് കേസ്സ് കൊടുത്തപ്പോൾ ഞാൻ പരിഭ്രമിച്ചുകൊണ്ട് ദുആ ചെയ്തു. രാത്രിയിൽ സ്വപ്നത്തിൽ കണ്ടു.പോലീസുകാർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എഴുന്നേല്പിച്ചു നിറുത്തിയിരിക്കുന്നു. ആ മഹാത്മാവിന്റെ മുമ്പിലും പിമ്പിലും ഉണക്കച്ചാണകത്തിന്റെ കൂമ്പാരമാണ്. അവിടത്തെ കഴുത്ത് മാത്രമേ എനിക്കു കാണാൻ കഴിയുന്നുള്ളു. പട്ടാളക്കാർ ആ ഉണക്കച്ചാണകത്തിന്റെ കൂമ്പാരത്തിനുമേൽ മണ്ണെണ്ണയൊഴിച്ച് തീ കൊളുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഞാൻ മുന്നോട്ടാഞ്ഞ് തീ അണയ്ക്കാൻ ശ്രമിച്ചു. ഇത്രയുമായപ്പോൾ രണ്ടുനാല് പട്ടാളക്കാർ എന്നെ പിടിച്ചു. ഇവർ ചാണകക്കൂമ്പാരത്തിന് തീ കൊളുത്തുമോ എന്നോർത്ത് ഞാൻ വല്ലാതെ പരിഭ്രമിച്ചു. ഇതിന്നിടയിൽ പെട്ടെന്ന് എന്റെ ദൃഷ്ടി മേൽപോട്ടുയർന്നു. വാതിലിനുമുകളിൽ അങ്ങേയറ്റം വലിയ അക്ഷരത്തിലും മനോഹരവുമായ വാക്കുകളിൽ എഴുതിയിരിക്കുന്നു: 'അല്ലാഹുവിന് പ്രിയപ്പെട്ടവരെ ആർക്കാണ് കത്തിക്കാൻ കഴിയുക.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'അടുത്ത ലോകത്ത് മാത്രമല്ല ഈ ലോകത്തും മുഅ്മിനീംകൾക്ക് സമാധാനമുണ്ട്.'

ക്യാപ്റ്റൻ ഡഗ്ലസ് സാഹിബ് ഐ.സി. എസ് ഓഫീസറോടു പറഞ്ഞ സംഭവങ്ങളിൽ ഒന്ന് ഇതായിരുന്നു: 'ഞാൻ മിർസാ സാഹിബിനെപ്പോലെ വിശാലമായ സഹിഷ്ണുതയുള്ള ആരേയും കണ്ടിട്ടില്ല. അദ്ദേഹത്തിന്റെമേൽ ഭയാനകമായ കുറ്റം ആരോപിച്ചിട്ടും കോടതി അദ്ദേഹത്തോട് മാനനഷ്ടത്തിന് കേസ് കൊടുക്കാം എന്ന് പറഞ്ഞിട്ടും അദ്ദേഹം പറഞ്ഞത് താൻ അത് ആഗ്രഹിക്കുന്നില്ല എന്നാണ്. ഇതായിരുന്നു സഹിഷ്ണുത. ആ എല്ലാ എതിർപ്പുകളും ഉണ്ടായിട്ടും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അദ്ദേഹം സുരക്ഷിതനായിരുന്നുവെന്ന് മാത്രമല്ല അവിടത്തെ ജമാഅത്തും വളർന്നുകൊണ്ടിരുന്നു. ഖാദിയാനും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു.' ഈ പുരോഗതിയെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: അഹ്മദികളെ മസ്ജിദുകളിൽ കയറ്റാതിരുന്നു ഒരു കാലം ഇവിടെ നിലനിന്നിരുന്നു. നമസ്കാരത്തിനായി പോകുന്നവർ വീഴാനായി ജംഗ്ഷനിൽ കുഴികൾ ഉണ്ടാക്കിയിരുന്നു. കിണറിൽനിന്ന് വെള്ളമെടുക്കാൻ അനുവദിച്ചിരുന്നില്ല. അഹ്മദികൾക്ക് പാത്രംപോലും കൊടുക്കരുതെന്ന് കുശവന്മാരോട് പറഞ്ഞ് വിലക്കിയിരുന്നു. ഒരു കാലത്ത് ഈ എല്ലാ ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ അക്കൂട്ടർ എവിടെപ്പോയി. അവരുടെ മക്കൾ അഹ്മദികളായി. അഹ്മദികളെ നശിപ്പിക്കാൻ ശ്രമിച്ചവരുടെ മക്കൾ അതിനെ പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരാണ്. ഇതും അല്ലാഹുവിന്റെ സഹായത്തിന്റെ അടയാളമാണ്. ദുൻയാവിൽ എവിടെയെവിടെയൊക്കെയാണ് അല്ലാഹു ജമാഅത്തിനെ വ്യാപിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യങ്ങളൊക്കെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത്തിനുള്ള തെളിവാണ്. അവിടത്തെ വേർപാടിനുശേഷം നടപ്പിൽ വന്ന ഖിലാഫത്തിന് അല്ലാഹുവിന്റെ സഹായം ഉണ്ടെന്നുള്ളതിന് തെളിവാണ്. ഇത് നമ്മുടെ ഈമാൻ വർധിപ്പിക്കുന്നതിനുള്ളതാണ്. ഇത് എപ്പോഴും നമ്മുടെ മുമ്പിൽ വെക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇക്കാര്യങ്ങൾ നമ്മുടേയും നമ്മുടെ മക്കളുടേയും വിശ്വാസങ്ങളിൽ എപ്പോഴും വർധനവുണ്ടാക്കിക്കൊണ്ടിരിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 12.12.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Mohammad Ismail Alleppey For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To